പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 176 11.06.2018-ൽ മറുപടിക്ക്

## ക്യാൻസർ രോഗ ചികിത്സ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.ഡി.കെ.മുരളി | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നത് പരിഗണിച്ച് ക്യാൻസർ രോഗ നിർണ്ണയം ആദ്യഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിന് താഴെത്തട്ടിലുള്ള ആശുപത്രികൾ മുതൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; | (എ) | മുൻകൂർ ക്യാൻസർ നിർണ്ണയത്തിനും രോഗനിയന്ത്രണത്തിനുമായി റീജിയണൽ ക്യാൻസർ സെന്ററിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും, നേഴ്സുമാർക്കും, (പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, റഫറൽ യൂണിറ്റ്, ജില്ലാ ആശുപത്രി) ഒരാഴ്ചത്തെ പരിശീലനം നൽകി കഴിഞ്ഞു. ഇതുകൂടാതെ ഓങ്കോളജിയിലെ അടിസ്ഥാന പരിശീലന പദ്ധതി പ്രകാരം സ്റ്റേറ്റ് ഹെൽത്ത് സർവ്വീസിലെ ഡോക്ടർമാർക്കും, നഴ്സുമാർക്കും ആർ.സി.സി.യും, മലബാർ ക്യാൻസർ സെന്ററും സംയുക്തമായി മൂന്ന് മാസത്തെ പരിശീലനവും നൽകി വരുന്നു. ഈ പരിശീലനത്തിൽ തിയറി ക്ലാസ്സുകൾ, ആദ്യ ഘട്ടത്തിലുള്ള ക്യാൻസർ കണ്ടു പിടിക്കുന്നതിനുള്ള ക്യാമ്പുകളിൽ ഫീൽഡ് ട്രെയിനിംഗ് എന്നിവയാണ് ഉൾക്കൊള്ളുന്നത്.<br><br>ആരോഗ്യ കേന്ദ്രങ്ങളിൽ ക്യാൻസർ കെയർ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനായുള്ള പരിശീലനവും സാങ്കേതിക സഹായവും മലബാർ ക്യാൻസർ സെന്റർ നൽകുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ എടവണ്ണ സി.എച്ച്.സി.യിലെ ഡോക്ടർമാർക്കും, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്ക് ഹോസ്പിറ്റലിലെ നഴ്സുമാർക്കും ലാബ് ടെക്നീഷ്യൻസിനും 3 മാസം പരിശീലനം നൽകുകയുണ്ടായി. |
| (ബി) | ക്യാൻസർ രോഗത്തിന് കാരണമാകുന്ന ജീവിത ശൈലികളും ജീവിതസാഹചര്യങ്ങളും സംബന്ധിച്ചും രോഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ചും ജനങ്ങളിൽ | (ബി) | ആർ.സി.സി.യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം, എറണാകുളം, പാലക്കാട്, നീണ്ടകര എന്നിവിടങ്ങളിലുള്ള ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളായ ഏർളി ഡിറ്റക്ഷൻ സെന്ററുകൾ എന്നിവ വഴിയും മുൻകൂർ ക്യാൻസർ നിർണ്ണയക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. കൂടാതെ കണ്ണൂർ കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ ക്യാൻസർ |

| | | | |
|---|---|---|---|
| | അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | നിർണ്ണയകേന്ദ്രങ്ങൾക്കും ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകി വരുന്നു.<br><br>മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റിന് കീഴിൽ ക്യാൻസർ രോഗത്തിന് കാരണമാകുന്ന ജീവിതശൈലി, ജീവിത സാഹചര്യങ്ങൾ, എന്നിവയെകുറിച്ച് രോഗനിർണ്ണയ ക്യാമ്പുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. കൂടാതെ ബോധവൽക്കരണത്തിനുള്ള ലഘുലേഖകളും വിതരണം ചെയ്യാറുണ്ട്. ക്യാൻസർ റിസ്ക് വിഭാഗത്തിൽ വരുന്ന ആളുകൾക്കും, ബന്ധുക്കൾക്കും എൻ.സി.ഡി ക്ലിനിക് വഴി തുടർച്ചയായി സ്ക്രീനിംഗ് ടെസ്റ്റ് നടത്തിവരുന്നു. |
| (സി) | ക്യാൻസർ രോഗ തീവ്രത കണക്കിലെടുത്ത് എല്ലാ ജില്ലകളിലും ക്യാൻസർ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ പാലിയേറ്റീവ് കീമോതെറാപ്പി നൽകുന്നതിനുള്ള അഭയം പദ്ധതിക്ക് തുടക്കം കുറിക്കുകയുണ്ടായി. ആർ.സി.സി.യിലും മലബാർ ക്യാൻസർ സെന്ററുകളിലും പരിശീലനം ലഭിച്ച ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തികൊണ്ട് ആരംഭിച്ച ഈ കേന്ദ്രങ്ങളിൽ മരുന്നുകളോട് പ്രതികരിക്കാത്ത മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളുടെ പരിചരണം ഉദ്ദേശിച്ചിട്ടുള്ളതാണ്.<br><br>സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും പാലിയേറ്റീവ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ ഭവന സന്ദർശനത്തിലൂടെ സാന്ത്വന പരിചരണം നൽകുന്നു. ഹോം കെയർ അഥവാ പ്രൈമറി പാലിയേറ്റീവ് കെയർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി ചെയ്തുവരുന്നു. സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ദേശീയ ആരോഗ്യ മിഷന്റെ സഹായത്തോടുകൂടി സെക്കന്ററി കെയർ പാലിയേറ്റീവ് പരിചരണം നടപ്പിലാക്കി വരുന്നു. ഇത് സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**